**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6781** **21-03-2023 - ൽ മറുപടിയ്ക്ക്**

**വനിത തൊഴിലാളികൾക്കെതിരെയുള്ള അക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനിതാ തൊഴിലാളികളെ തൊഴിലുടമകൾ മർദ്ദിക്കുന്നതടക്കമുള്ള സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സമീപകാലത്ത് ഒരു വനിതാ തൊഴിലാളിയെ നെയ്യാറ്റിൻകരയിലെ ഒരു സ്ഥാപനത്തിന്റെ മാനേജർ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അത്തരം സംഭവങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കൂലി കുടിശിക ചോദിച്ചതിന്റെ പേരിൽ നെയ്യാറ്റിൻകരയിൽ സ്ത്രീകളെ തൊഴിലുടമ ക്രൂരമായി മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ ലോഷൻ, ഫ്ളോർ ക്ലീനർ എന്നിവ വീടുകളിൽ കൊണ്ടുപോയി വിൽപന നടത്തുന്ന എസ്.ബി.റ്റി.സി എന്ന സ്ഥാപനത്തിന്റെ മാനേജരാണ് വനിതാ ജീവനക്കാരിയെ മർദ്ദിച്ചത്. ടി മാനേജരും വനിതാ ജീവനക്കാരിയും തമ്മിൽ സാമ്പത്തിക വിഷയത്തിൽ തർക്കമുണ്ടാകുകയും, തുടർന്ന് ലഭിക്കേണ്ട വേതന കുടിശ്ശിക ആവശ്യപ്പെട്ടപ്പോഴാണ് മർദ്ദനം ഉണ്ടായതെന്നുമാണ് വിവരം. 03/03/2023-ന് രാത്രിയാണ് സംഭവം നടന്നത്. തുടർന്ന് പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തു.<br><br>ടി വനിതാ ജീവനക്കാരി കുറച്ച് മാസങ്ങളായി ടി സ്ഥാപനത്തിൽ ജോലി ചെയ്തുവരികയാണ്. 04/03/2023-ന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ വച്ച് ഒത്തുതീർപ്പ് ചർച്ച നടത്തുകയും വനിതാ ജീവനക്കാരിക്ക് 32,300/- രൂപ ക്യാഷായും, 17,500/- രൂപ വീതമുള്ള ഐ.ഡി.എഫ്.സി ബാങ്കിന്റെ രണ്ട് ചെക്കും നൽകി. ആയത് ടി ജീവനക്കാരിയുമായി സംസാരിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ തുകയും മാറിയ ശേഷം രേഖാമൂലം ഒരു രസീത് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിന്റെ മേൽവിലാസത്തിൽ ലഭ്യമാക്കണമെന്നും മറ്റ് തൊഴിൽ സംബന്ധമായ പരാതിയുണ്ടെങ്കിൽ |

| | | | |
|---|---|---|---|
| | | | ആയതും രേഖാമൂലം നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനത്തിലെ മറ്റൊരു വനിതാ ജീവനക്കാരിക്കും ശമ്പള കുടിശ്ശികയായ 10,814/- രൂപ ക്യാഷായി നൽകിയിട്ടുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ തടയാനും തൊഴിൽ നിയമങ്ങൾ കർശനമാക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽ നിയമങ്ങൾ ഉറപ്പ് നൽകുന്ന സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖേനയും തൊഴിലാളികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലൂടെയും ഉറപ്പുവരുത്താറുണ്ട്. ഇപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ മുതലായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ